# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1643/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
കൊളച്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1643/23 തീയ്യതി: 22/11/2023

## കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2022 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 18-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 18-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
2.ശ്രീമതി. നിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
3.ശ്രീമതി. ധന്യ എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ മജീദ്.കെ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാഹുൽ രാമചന്ദ്രൻ | സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ ടി പി | സെക്രട്ടറി | 18-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷിഫിലുദ്ദീൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ: അഞ്ജു പത്മനാഭൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ:ലിഷ പാലാടൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 30-04-2022 |
| ഡോ:ഹേമ ടി പി | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-05-2022 | 31-03-2023 |
| ശ്രീമതി.ഷൈലജ ചെല്ലട്ടൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 20-11-2022 |
| ശ്രീ ജ്യോതിഷ് ബാബു കെ ആർ | അസിസ്റ്റന്റ് എൻജിനീയർ | 21-11-2022 | 31-01-2023 |
| ശ്രീമതി ദിവ്യ രാജൻ എം ഡി, | അസിസ്റ്റന്റ് എൻജിനീയർ | 01-02-2023 | 31-03-2023 |
| ശ്രീ. അബ്ദുൾ ലത്തീഫ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയൻ.എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ അരുൺ സുരേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ. പ്രിയ പി | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി സീമ ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി സർക്കിൾ | 01-04-2022 | 18-10-2022 |
| ശ്രീമതി ലയ ജയറാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി സർക്കിൾ | 19-10-2022 | 26-01-2023 |
| ശ്രീ റനിൽ പി പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി | 27-01-2023 | 23-02-2023 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീമതി ലയ ജയറാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചേലേരി സർക്കിൾ | 24-02-2023 | 31-03-2023 |
| ശ്രീമതി.ലേഖ.കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 01-04-2022 | 14-10-2022 |
| ശ്രീമതി സീമ ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ (ചാർജ്ജ്) | 15-10-2022 | 18-10-2022 |
| ശ്രീമതി സീമ ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 19-10-2022 | 08-01-2023 |
| ശ്രീ വൈശാഖ് എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 09-01-2023 | 12-01-2023 |
| ശ്രീമതി ലയ ജയറാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ (ചാർജ്ജ്) | 13-01-2023 | 26-01-2023 |
| ശ്രീമതി ലയ ജയറാം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 27-01-2023 | 24-02-2023 |
| ശ്രീ വൈശാഖ് എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൊളച്ചേരി സർക്കിൾ | 25-02-2023 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | നോട്സ് ഓ**ൺ** അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | ദുരിതാശ്വാസ നിധി- ബി 2, ബി17 - ഷെഡ്യൂളുകളിലെ തുക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ മുഴുവനായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | ഹഡ്കോ വായ്പ ഇല്ലാതെ വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. | 1-1-9 |
| 11 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | 2021-22 വർഷം വിതരണം ചെയ്യേണ്ടിയിരുന്ന ക്ഷേമ പെൻഷൻ തൻ വർഷം വിതരണം ചെയ്തത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | ചെലവ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | പുതുക്കിയ ബജറ്റ് | 1-2-1 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം. | 1-5 |
| 19 | 2022-23 പദ്ധതി നിർവ്വഹണം- കാര്യക്ഷമമാക്കേണ്ടതാണ്. | 1-5-1 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 24 | ഗ്രാമ സഭ | 1-10 |
| 25 | വാടക അപാകങ്ങൾ | 1-11 |
| 26 | വസ്തുനികുതി അപാകങ്ങൾ | 1-12 |
| 27 | തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല | 1-12-1 |
| 28 | കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു | 1-12-2 |
| 29 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപേക്ഷ ലഭിച്ച അർദ്ധവർഷം തന്നെ നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കി | 1-12-3 |
| 30 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ | 1-13 |
| 31 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ് | 1-14 |
| 32 | തൊഴിൽ നികുതി അപാകങ്ങൾ | 1-15 |
| 33 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടേണ്ടതാണ് | 1-16 |
| 34 | പൊതു ടാപ്പുകളുടെ വെള്ളക്കരം - ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് അടച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധം - ₹475000 തടസ്സപ്പെടുത്തുന്നു | 1-17 |
| 35 | സാന്ത്വനപരിചരണ പരിപാടി- മുഴുവൻ മരുന്നുകളും ലഭ്യമായില്ല- ₹20251 തടസ്സപ്പെടുത്തുന്നു | 1-18 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-19 |
| 37 | സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല- ₹50000 തടസ്സപ്പെടുത്തുന്നു. | 1-20 |
| 38 | മഴക്കാല പൂർവ ശുചീകരണം - വിനയോഗിക്കാത്ത തുകയായ 10,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 39 | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം - ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല - ചെലവ് തുകയായ ₹190000 തടസ്സപ്പെടുത്തുന്നു. | 1-22 |
| 40 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ - ഒരു സ്കാനർ ലഭ്യമായിട്ടില്ല – ചെലവ് തുകയായ ₹22476 തടസ്സപ്പെടുത്തുന്നു. | 1-23 |
| 41 | അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - പ്യൂരിഫയർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല – ചെലവ് തുക ₹259662 തടസ്സപ്പെടുത്തുന്നു | 1-24 |

| | | |
|---|---|---|
| 42 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നിർദ്ദിഷ്ട നിരക്കിനേക്കാൾ അധികം നൽകിയ ₹4000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-25 |
| 43 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ രുന്നുകളും ലഭ്യമായിട്ടില്ല - ₹42074 തടസ്സപ്പെടുത്തുന്നു | 1-26 |
| 44 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അപാകങ്ങൾ -അധികം നൽകിയ₹1395 തിരികെ ഈടാക്കേണ്ടതാണ്. | 1-27 |
| 45 | നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് ചട്ടവിരുദ്ധം - ചെലവ് തുക ₹719593 തടസ്സപ്പെടുത്തുന്നു | 1-28 |
| 46 | ജി എസ് ടി കോമ്പൻസേഷൻ അധികം തുക അനുവദിച്ചത്- ₹1998 ഈടാക്കേണ്ടതാണ്. | 1-29 |
| 47 | ജലജീവൻ മിഷൻ പദ്ധതിക്കായി കുഴിയെടുക്കൽ-റോഡ് റിപ്പയർ - നടപടി സ്വീകരിക്കേണ്ടതാണ്. | 1-30 |
| 48 | ലൈഫ് മിഷൻ ഭവന വായ്പ മുതൽ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-31 |
| 49 | മാലിന്യ സംസ്കരണം - പൊതു അവലോകനം | 1-32 |
| 50 | തനത് വരുമാനം-അവലോകനം | 1-33 |
| 51 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.06.2023 തീയതിയിലെ 1-86/2023 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 24.06.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
22.11.2023.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-3 ദുരിതാശ്വാസ നിധി- ബി 2, ബി17 - ഷെഡ്യൂളുകളിലെ തുക പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസ നിധി - ബി 2 ഷെഡ്യൂളിലെ തുകയും (₹47256) ബി 17 ഷെഡ്യൂളിലെ തുകയും (₹46756) തമ്മിൽ പൊരുത്തപ്പെടുന്നില്ല. തനതു ഫണ്ടിൽ നിക്ഷേപിച്ചതിനാലാണ് വ്യത്യാസം വന്നതെന്നാണ് മറുപടി നല്കിയത്.

### 1-1-4 മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ മുഴുവനായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2022-23 വർഷം മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ മുഴുവനായും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 വർഷം ഭരണ ചെലവുകൾക്കുള്ള 2022-23 വർഷം ലഭിച്ച തുകമാത്രമാണ് I-6, RP-30 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-5 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല

SBI E-payment അക്കൗണ്ടിന്റെ (A/c No.37075286138) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ₹13011 Bank Direct Debit ചെയ്തതായി ഉൾപ്പെടുത്തിയിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

### 1-1-6 ഹഡ്കോ വായ്പ ഇല്ലാതെ വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 വർഷത്തെ (ബി-5 ഷെഡ്യൾ) ധനകാര്യപത്രിക പ്രകാരം ഹഡ്കോ വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കി ഇല്ല. എന്നാൽ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ ജി ഒ പ്രൊജക്ടായി വികസന ഫണ്ട് സ്രോതസിൽ നിന്നും ₹2409452 കുറവ് ചെയ്ത് ഹഡ്കോയുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ടി തുകയുടെ വിവരം B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-7 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4180164 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1391380 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-8 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-9 B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-10 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-11 2021-22 വർഷം വിതരണം ചെയ്യേണ്ടിയിരുന്ന ക്ഷേമ പെൻഷൻ തൻ വർഷം വിതരണം ചെയ്തത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2021-22 വർഷം വിതരണം ചെയ്യേണ്ടിയിരുന്ന ക്ഷേമ പെൻഷൻ തൻവർഷം വിതരണം ചെയ്തത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-12 ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

സുലേഖ ചെലവ് പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലുള്ള ചെലവ് തുക I-6 ഷെഡ്യൂളിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23ലെ ബജറ്റ് 30-3-2022ലെ 1/65/22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2983709 |
| വരവ് | 226216000 |
| ആകെ | 229199709 |
| ചെലവ് | 222195175 |
| നീക്കിയിരിപ്പ് | 7004534 |

### 1-2-1 പുതുക്കിയ ബജറ്റ്

കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 28-02-2023 ലെ 23(1)/2023-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23775652 |
| വരവ് | 240366872 |
| ആകെ | 264142524 |
| ചെലവ് | 255863564 |
| നീക്കിയിരിപ്പ് | 8278960 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 25125958 |
| വരവ് | 49833644 |
| ആകെ | 74959602 |
| ചെലവ് | 45653480 |
| നീക്കിയിരിപ്പ് | 29,306,122 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളുടെ നഷ്ടം | 3393 |
| തടസ്സപ്പെടുത്തിയ തുക | 1793056 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ACR പ്രകാരം) | | | 19505981 + 2288019 (GO Project) | 21794000 | 19635142 | 2158858 |
| വികസന ഫണ്ട് (എസ് സി പി) | | | 2415767+ 1260233 (GO Project) | 3676000 | 3676000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | | 8868000 | 8868000 | 782607 | 8085393 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | | | 4776000 | 4776000 | 3235190 | 1540810 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | ട്രഷറി | - | - | - | - | - |
| | ബാങ്ക് (പലിശ സഹിതം) | 525735 | 3039000 + 167680 (പലിശ) | 3732415 | 1931146 | 1801269 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ട്രഷറി | - | 738147 | 738147 | 318767 | 419380 |
| | ബാങ്ക് | 2866640 | 4559000 | 7425640 | 2612561 | 4813079 |
| | ആകെ | | | | | |
| ഹെൽത്ത് ഗ്രാന്റ് - രോഗ നിർണ്ണയ സൗകര്യങ്ങൾ | | 0 | 239574 | 239574 | 54546 | 185028 |
| ഹെൽത്ത് ഗ്രാന്റ് - ഹെൽത്ത് & വെൽനെസ് സെന്ററുകൾ | | 0 | 111543 | 111543 | 74384 | 37159 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1263601 | 0 | 1263601 | 837672 | 425929 |
| ഐ സി ഡി എസ് | | 168726 | 1544076 | 1712802 | 281857 | 1430945 |
| എം പി ഫണ്ട് | | 3434 | 93 | 3527 | 0 | 3527 |
| സാക്ഷരത | | 1077 | 42 | 1119 | 0 | 1199 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - വികസന ഫണ്ടും മറ്റ് സർക്കാർ ഫണ്ടും ഒഴികെയുള്ളത് (ബഡ്സ് സ്കൂൾ, തെരഞ്ഞെടുപ്പ്, അങ്കണവാടി വാട്ടർ സപ്ലൈ) | | 1796170 | 981900 | 2778070 | 1064535 | 1713535 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - മറ്റ് സർക്കാർ ഏജൻസികൾ (കുടുംബശ്രീ ചലഞ്ച് ഫണ്ട്, കില | | 15560 | 4803920 | 4819480 | 218775 | 4600705 |

| | | | | | |
|---|---|---|---|---|---|
| ട്രെയിനിംഗ്, ലൈഫ് മിഷൻ മുതലായവ) | | | | | |
| മറ്റ് ബാധ്യതകൾ | 0 | 10164 | 10164 | 0 | 10164 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - കണ്ണൂർ കോർപ്പറേഷൻ | 0 | 3322500 | 3322500 | 1107500 | 2215000 |

കുറിപ്പ്: കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ബേസിക് – സുലേഖ ചെലവ് പത്രികയും I-6ഉം തമ്മിൽ രണ്ട് രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 186 | 142892324 | 117 | 54419353 | 15 | 69 | 54.8 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 46 | 29 | 18860524 | 12536372 | 66 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 4936623 | 3744526 | 76 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 25 | 34476006 | 5984638 | 17 |
| 4 | കൃഷി ഓഫീസർ | 5 | 5 | 5906663 | 3318723 | 56 |
| 5 | വി.ഇ.ഒ. കൊളച്ചേരി | 24 | 20 | 61205754 | 17436160 | 28 |
| 6 | മെഡിക്കൽ ഓഫീസർ PHC | 6 | 6 | 1283627 | 957452 | 75 |
| 7 | വെറ്റിനറി സർജൻ | 8 | 8 | 2699400 | 1599400 | 59 |
| 8 | ICDS സൂപ്പർവൈസർ | 9 | 9 | 10509900 | 6815610 | 65 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1100000 | 700000 | 64 |
| 10 | ഹെഡ് മാസ്റ്റർ | 6 | 4 | 1653827 | 1210512 | 73 |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 260000 | 115960 | 45 |
| | ആകെ | 186 | 117 | 142892324 | 54419353 | 38.08 |

## 1-5-1 2022-23 പദ്ധതി നിർവ്വഹണം- കാര്യക്ഷമമാക്കേണ്ടതാണ്.

കൊളച്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തീക വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ തോത് വളരെ കുറവാണ്. അതായത് തൻവർഷം അംഗീകാരം ലഭിച്ച 186 പ്രൊജക്ടുകളിൽ 117 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയ തുകയുടെ 38.08% മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്. അതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്ടിലുണ്ടായിട്ടുള്ള കുറവ് എടുത്തു പറയേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി 28 സ്പിൽ ഓവർ പ്രൊജക്ടുകൾക്കും 41 പുതിയ പ്രൊജക്ടുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ തൻവർഷം പുതിയ പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുള്ളതിൽ 25 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള കാര്യക്ഷമതയില്ലായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ചുകിട്ടിയ തുക യഥാസമയം വിനിയോഗിച്ച് ആയതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 265 | 934987 | 935252 | 934117 | 1135 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 23754000 | 23754000 | 23754000 | 0 |
| ആകെ | 265 | 24688987 | 24689252 | 24688117 | 1135 |

സ്ഥാപനത്തിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയത്. ധനകാര്യ പത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 185 | 2114200 |
| വിധവാ പെൻഷൻ | 1349 | 14,219,000 |
| വാർദ്ധക്യകാല പെൻഷൻ | 2235 | 21,781,600 |
| വികലാംഗ പെൻഷൻ | 320 | 3,375,200 |
| അവിവാഹിത പെൻഷൻ | 100 | 1,049,400 |
| വിവാഹ ധനസഹായം | 4 | 120,000 |
| തൊഴിൽ രഹിത വേതനം | 6 | 3120 |

2021-22 വർഷം വിതരണം ചെയ്യേണ്ടിയിരുന്ന ക്ഷേമപെൻഷൻ തൻവർഷം വിതരണം ചെയ്തത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 തീയതിയിൽ 12.05 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹30186 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണ സംവിധാനം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നികുതി നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന മേഖലകളിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിൽ വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും വില്പന നടത്തുന്നതിനുമായി പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ (തരം തിരിച്ചതും അല്ലാത്തതുമായ) അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ആരെയും ഏല്പിച്ചിട്ടില്ലാത്തതിനാലും ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും അജൈവ മാലിന്യശേഖരണത്തിന് ക്ലീൻ കേരള മിഷനിൽ നിന്നും ലഭിക്കേണ്ട തുകയെ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല. ശേഖരിച്ച അജൈവമാലിന്യങ്ങൾക്ക് ക്ലീൻ കേരള മിഷനിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സ. ഉ.(കൈ)84/ 2022/തസ്വഭവ 19.04.22 ഖ 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണ സമിതിക്കും നൽകേണ്ടതാണ്. സ്ഥാപനത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗ മിനുട്സിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ ഒന്നും ഇല്ലാത്തതിനാൽ ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിക്കുകയില്ല. ഭൂരിഭാഗം നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്റ്റ് ഫയലുകളിൽ പൂർണ്ണരൂപത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തുന്നില്ല. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ സർക്കാർ നിർദ്ദേശാനുസരണം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാവാതിരിക്കുന്നത് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെയും ഗുണമേന്മയെയും പ്രതികൂലമായി ബാധിക്കും എന്ന വസ്തുതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

4. സ.ഉ.(കൈ)84/2022/തസ്വഭവ, തീയതി 19.04.22 (വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ) 3.1.1 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള ആസൂത്രണ സമിതിയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിലയിരുത്തലുകൾ നടത്തേണ്ടതും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഭരണസമിതിയെ സഹായിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ 13 അംഗങ്ങളെ ഉൾപ്പെടുത്തി ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും മേൽപരാമർശിച്ച വിഷയങ്ങളിൽ ചർച്ച ചെയ്യുന്നതിനോ തീരുമാനങ്ങളെടുക്കുന്നതിനോ, വിലയിരുത്തുന്നതിനോ യോഗങ്ങൾ ചേരുകയുണ്ടായില്ല. തൻവർഷം 15.12.23, 09.02.23 തിയ്യതികളിൽ യോഗം ചേർന്നുവെങ്കിലും മിനുട്സിൽ അജണ്ടയും യോഗതീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും യോഗനടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

5. ഗ്രാമ പഞ്ചായത്തിലെ 26 അങ്കണവാടികളിൽ 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തവയും 4 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും 13 എണ്ണത്തിന് ചുറ്റുമതിൽ ഇല്ലാത്തവയുമാണ്. 26 അങ്കണവാടികളിൽ CR No.114-കമ്പിൽക്കടവ് ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്ന അങ്കണവാടിയാണ്. കുഞ്ഞുങ്ങളുടെ സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ടി അങ്കണവാടി ഫിറ്റ്നെസ്സും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുള്ള കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 5/2022, 8/2022, 9/2022, 12/2022 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി കരട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് അംഗീകരിക്കൽ, വാതിൽപ്പടി സേവനം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, ജലജീവൻ മിഷൻ പദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുതലായവയാണ് 06/2022ലെ ഗ്രാമസഭകളിലെ അജണ്ടകൾ. ലൈഫ് കരട് ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ഗുണഭോക്തൃ ഫോറം വിതരണം ചെയ്യൽ മുതലായവയാണ് 8/2022ലെ ഗ്രാമസഭകളിലെ അജണ്ടകൾ. 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുപ്പ്, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ മുതലായവയാണ് 9/2022ലെ ഗ്രാമസഭകളിലെ അജണ്ടകൾ. 2023-24 വാർഷിക പദ്ധതി രൂപീകരണം, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, നീരുറവ് നീർത്തട പദ്ധതികൾ അംഗീകരിക്കൽ, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ മുതലായവയാണ് 12/2022ലെ ഗ്രാമസഭകളിലെ അജണ്ടകൾ. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 വാടക അപാകങ്ങൾ

1. വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടു കൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. വാടക മുറികളുടെ വാടക നിർണ്ണയിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

വാടക രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തീക വർഷം 3 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത് (വാർഡ് നം./കെട്ടിട നം.3/806 A, 2/260, 2/262 എന്നിവ). ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2-ാം വാർഡിലെ 260, 261, 262, 263, 263A നമ്പർ കെട്ടിടങ്ങൾക്ക് വാടക നിർണ്ണയിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി കൊളച്ചേരിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28.01.2022 ന് കത്ത് (നമ്പർ രേഖപ്പെടുത്തിയിട്ടില്ല) നൽകുകയും അസിസ്റ്റന്റ് എഞ്ചിനീയറുടെ 04.02.2022 തീയതിയിലെ AE/LSGD/KGP/70/21-22 നമ്പർ കത്ത് പ്രകാരം വാടക നിർണ്ണയിക്കുന്നത് പി.ഡബ്ല്യു.ഡി ബിൽഡിംഗ് വിംഗാണെന്നും ആയത് പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വാടക പി.ഡബ്ല്യു.ഡി നിർണ്ണയിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഒഴിവായി കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/10.10.2023) മറുപടിയായി പി.ഡബ്ല്യു.ഡി ബിൽഡിംഗ് വിംഗിൽ നിന്നും വാടക നിശ്ചയിച്ച് നൽകിയിട്ടില്ലെന്നും പ്രതിവർഷം 5% നിരക്കിൽ വർദ്ധനവ് വരുത്തി വാടക ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രണ്ടാം വാർഡിലെ 263 നമ്പർ മുറിയിൽ പഞ്ചായത്ത് ഹോമിയോ ആശുപത്രിയും, 263 എ മുറിയിൽ സാംസ്കാരിക നിലയവുമാണ് നിലവിൽ പ്രവർത്തിക്കുന്നത്. 2/261 നമ്പർ മുറി ഒഴിവായി കിടക്കുകയാണ്. വാടകയ്ക്ക് നൽകിയിട്ടുള്ള 2/260 മുറിയുടെ മാസവാടക 1625/-ഉം, 2/262 മുറിയുടെ മാസവാടക 3000/- രൂപയുമാണ്. മേൽ കെട്ടിടങ്ങൾ കമ്പിൽ ടൗണിൽ നാഷണൽ ഹൈവേയോട് ചേർന്നുള്ള കെട്ടിടങ്ങളാണ്. ആയതിനാൽ തന്നെ ഇവയിൽ നിന്നും നിലവിൽ ഈടാക്കുന്ന വാടക തുക താരതമ്യേന കുറവാണ്. കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി അപാകങ്ങൾ

വസ്തുനികുതി വരവിനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/14.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-1 തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കെട്ടിട നമ്പർ അനുവദിച്ച മേൽപ്രകാരമുള്ള കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഇവയ്ക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറ നിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതുമായ 15 ശതമാനം വർദ്ധനവ് വരുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | പെർമിറ്റ് നമ്പർ, തീയതി |
|---|---|---|---|---|

| | | | (ച.മീ) | |
|---|---|---|---|---|
| 1 | കാസിം ടി പി | 13/680 H T മുതൽ വരെ | 336.25 | 319/2016-01.07.2017 |
| 2 | ഫാത്തിബി വാഴവളപ്പിൽ | 7/324 A F മുതൽ വരെ | 304.96 | B3-BA/112193/ 2023, 26.03.2022 |

കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധനവ് വരുത്താത്തത് കാരണം വസ്തു നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തി അറിയിക്കേണ്ടതാണ്.

## 1-12-2 കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

എഫ്.ടി.ഇ & ഒ.എസ് ലൈസൻസെടുത്ത വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം | ഉപയോഗക്രമം സഞ്ചയ പ്രകാരം |
|---|---|---|---|---|
| 1 | 2/152 | ഒ കെ അഹമ്മദ് കുട്ടി | വസ്ത്രാലയം | പാർപ്പിടം |
| 2 | 2/394 | ഡോ. രഞ്ജിത്ത് കൃഷ്ണൻ | ഡെന്റൽ ക്ലിനിക് | ആരാധനാലയങ്ങൾ (വസ്തുനികുതി ഒഴിവ്) |
| 3 | 2/392 | കെ.എൽ.ഐ.സി ഹോസ്പിറ്റൽ | ഹോസ്പിറ്റൽ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ വിസ്തീർണ്ണമുള്ളവ |
| 4 | 16/369 | ഏ പി ശൈലജ | ജനകീയ ഹോട്ടൽ | പാർപ്പിടം |

മേൽ കെട്ടിടങ്ങളിൽ ക്രമ നമ്പർ 2, 3 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റം വരുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ (വസ്തുനികുതി ചതുരശ്രമീറ്ററിന് 30/- രൂപ) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി (വസ്തുനികുതി ചതുരശ്രമീറ്ററിന് 3/- രൂപ) നികുതി നിർണ്ണയിച്ചത് കാരണവും അനർഹമായി നികുതി ഒഴിവാക്കി നൽകിയത് കാരണവും വസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി അവയുടെ ഉപയോഗക്രമം സഞ്ചയയിൽ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## 1-12-3 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപേക്ഷ ലഭിച്ച അർദ്ധവർഷം തന്നെ നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 (3) പ്രകാരം ഒരു കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തെ നികുതി ഒടുക്കുവാൻ കെട്ടിട ഉടമസ്ഥൻ ബാധ്യസ്ഥനാണ്. 2022-23 രണ്ടാം അർദ്ധവർഷം വസ്തുനികുതി ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പ്രകാരം 2023-24 ഒന്നാം അർദ്ധവർഷം മുതലാണ് ഡിമോളിഷ്ഡ് ആയി രേഖപ്പെടുത്തി നികുതി ഒഴിവാക്കേണ്ടത്. എന്നാൽ 2022-23 വർഷത്തെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ 2022-23 വർഷം തന്നെ നികുതിയിൽ നിന്ന് ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാതീയതി | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1/305 | റുക്സാന | 30.03.2023 | 2022-23 രണ്ടാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കിയിട്ടുണ്ട് |
| 3/542 | മമ്മുഹാജി | 07.02.2023 | 2022-23 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കിയിട്ടുണ്ട് |
| 7/38 | സി ഒ കുഞ്ഞിരാമൻ | 03.01.2023 | 2022-23 ഒന്നാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കിയിട്ടുണ്ട് |

2022-23 വർഷം തന്നെ പൊളിച്ച കളഞ്ഞ കെട്ടിടമായി സഞ്ചയയിൽ രേഖപ്പെടുത്തിയതിനാൽ ആ വർഷത്തെ നികുതി ഡിമാന്റ് ഇല്ലാതാവുകയും കളക്ട് ചെയ്ത തുക സഞ്ചയ പ്രകാരം നികുതി കഴിച്ച് അധികം തുകയായാണ് കണക്കാക്കിയിട്ടുള്ളത്. ഈ രീതിയിൽ ഡിമോളിഷ്ഡ് ആയി രേഖപ്പെടുത്തുന്നതിനാൽ വസ്തു നികുതിയിനത്തിലെ യഥാർത്ഥ ഡിമാന്റിലും കലക്ഷനിലും കുറവു വരുന്നതിന് ഇടയാകുന്നു. 2023-24 വർഷം മുതൽ നികുതി ഒഴിവാക്കുന്നതിന് പകരം കെട്ടിടങ്ങൾക്ക് 2022-23 വർഷം മുതൽ തന്നെ നികുതി ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ

31.10.2017 ലെ 80/2017/തസ്വഭവ വിജ്ഞാപന പ്രകാരം ലൈസൻസ് ഫീസുകൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 24.02.2018 തീയതിയിൽ നടന്ന 41/2018 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ചുമത്താവുന്ന പരമാവധി ഫീസ് നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | മൂലധന നിക്ഷേപം | വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| മൈക്രോ എന്റർപ്രൈസസ് – ഉല്പാദന മേഖല | 0-5 ലക്ഷം<br>5-10 ലക്ഷം<br>10-15 ലക്ഷം<br>15-25 ലക്ഷം | 200<br>300<br>400<br>500 |
| മൈക്രോ എന്റർപ്രൈസസ് സേവന മേഖല | 0-2ലക്ഷം<br>2-3 ലക്ഷം<br>3-5 ലക്ഷം<br>5-10 ലക്ഷം | 200<br>300<br>400<br>500 |
| മിനി എന്റർപ്രൈസസ് ഉല്പാദന മേഖല | 25-40ലക്ഷം<br>40-50 ലക്ഷം<br>50-60 ലക്ഷം<br>60-80 ലക്ഷം<br>80-100 ലക്ഷം | 600<br>700<br>800<br>900<br>1000 |
| മിനി എന്റർപ്രൈസസ് സേവന മേഖല | 10-20ലക്ഷം<br>20-30 ലക്ഷം<br>30-40 ലക്ഷം<br>40-50 ലക്ഷം | 600<br>700<br>800<br>1000 |

മേൽ വിജ്ഞാപന പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. ഗവ. ഉത്തരവ് പ്രകാരം സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 5000, 10000, 15000 എന്നിങ്ങനെയാണ്. എന്നാൽ സ്ഥാപനത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം വിജ്ഞാപനത്തിൽ പരാമർശിക്കാത്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ (ലൈസൻസ് രജിസ്റ്റർ പ്രകാരം) | സ്ഥാപനം/മേഖല | ഉടമസ്ഥന്റെ പേര് | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|
| 63 | രേഖപ്പെടുത്തിയിട്ടില്ല | ഹസൈനാർ പി പി | 1500, 121020108284/24.02.2022 |
| 78 | ക്രഷർ യൂണിറ്റ് ഉല്പാദന മേഖല | പുത്തലത്ത് വൽസരാജ് | 2000, 121020108364/25.02.2022 |
| 80 | രേഖപ്പെടുത്തിയിട്ടില്ല | എ കെ രാജഗോപാലൻ | 2000, 121020108396/26.02.2022 |
| 265 | ക്രഷർ യൂണിറ്റ് ഉല്പാദന മേഖല | കെ എം പി മൂസ്സാൻ | 2000, 1220400046/26.02.2022 |
| 406 | ജ്വല്ലറി സേവനമേഖല | മുആദ് മൊഹമ്മദ് അഷ്റഫ് | 3000, 1220401749/13.09.2022 |
| 576 | കള്ള് ഷാപ്പ് സേവനമേഖല | ജാനകി പി ടി | 2000, 1220408028/22.03.2023 |
| 586 | കള്ള് ഷാപ്പ് സേവനമേഖല | ഉണ്ണികൃഷ്ണൻ | 2000, 12200001038/22.03.2023 |

ഭരണസമിതി തീരുമാന പ്രകാരം മൈക്രോ, മിനി എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ഫീസ് നിരക്ക് ₹500, ₹1000/- നിശ്ചയിക്കുകയും സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കുകൾ നിശ്ചയിക്കാതിരിക്കുകയും, ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ സാഹചര്യത്തിൽ, മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/12.10.2023) മറുപടിയായി നിരക്ക് നിശ്ചയിക്കാതിരുന്ന സാഹചര്യത്തിലാണ് ഭേദഗതി ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയതെന്നും അടുത്ത ഭരണസമിതി യോഗത്തിൽ നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിരക്ക് നിശ്ചയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെപറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|
| 1 | ജയശ്രീ കെ ടി, ഡെന്റൽ ക്ലിനിക് |
| 2 | ജാഫർ എം, മെഡിടെക്, കമ്പിൽ |

മേൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/10.10.2023) മറുപടിയായി ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥാപനത്തെ സംബന്ധിച്ച വിവരം പരിശോധിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ക്രമ നമ്പർ 2 പ്രകാരമുള്ള സ്ഥാപനം 2022-23 വർഷം പ്രവർത്തിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനത്തിൽ നിന്നും ചട്ടം 8 പ്രകാരമുള്ള ഫീസ് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ

കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസെടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | എ വൺ ഗ്ലാസ് | 3 |
| 2 | മയ്യിൽ ഗ്രാനൈറ്റ് | 6 |
| 3 | എ.കെ.ആർ ഗ്രാനൈറ്റ് സ്റ്റോൺ ക്രഷർ | 7 |
| 4 | ഫൈന് സ്റ്റാർ സ്റ്റോൺ ക്രഷർ | 4 |

ഇതിൽ ക്രമനമ്പർ 2 ആയി ഉൾപ്പെടുത്തിയ സ്ഥാപനത്തിലെ 2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/18.10.2023) മറുപടിയായി മയ്യിൽ ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ 2 എണ്ണം മാത്രമാണ് ഉള്ളതെന്നും ബാക്കി 4 ജീവനക്കാർ തൽക്കാലീക ജീവനക്കാർ ആണെന്നും, പട്ടികയിൽ പരാമർശിച്ച മറ്റ് സ്ഥാപനങ്ങളിൽ 60 ദിവസം തുടർച്ചയായി ജോലി ചെയ്ത ജീവനക്കാർ ഉണ്ടായിരുന്നില്ലെന്നും ആയതിനാലാണ് നികുതി ഈടാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 സി പ്രകാരം മേൽ പരാമർശിച്ച സ്ഥാപന ഉടമകളോട് ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്ഥാപന ഉടമകൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. ബോണസ്/ഉത്സവബത്ത ഉൾപ്പെടുത്താതെ തൊഴിൽ നികുതി കണക്കാക്കുന്നു.
ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുമ്പോൾ ജീവനക്കാരുടെ ബോണസ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്താതെയാണ് തൊഴിൽ നികുതി കണക്കാക്കിയിരിക്കുന്നത്. ( ഉദാ: വാട്ടർ അതോറിട്ടി ഓഫീസ് കൊളച്ചേരി). സർക്കുലർ നം.35917/ഡി1/2000/തസ്വഭവ തി:27.7.2000 പ്രകാരം ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്, അഡ് ഹോക്ക് ബോണസ്, ഫെസ്റ്റിവൽ അലവൻസ്, എക്സ്ഗ്രേഷ്യ എന്നീ ഇനങ്ങളിൽ ഉള്ള തുകയുടെ നേർപകുതി വീതം രണ്ട് അർദ്ധ വർഷത്തെയും വരുമാനമായി കണക്കാക്കേണ്ടതാണ്. ബോണസ്, ഉത്സവബത്ത എന്നിവ ചേർക്കാതെ അർദ്ധവാർഷിക വരുമാനം കണക്കാക്കുന്നതു മൂലം തൊഴിൽ നികുതിയിൽ വ്യത്യാസം വരാനിടയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/11.10.2023) മറുപടിയായി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുമ്പോൾ ജീവനക്കാരുടെ ബോണസ്, ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടേണ്ടതാണ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും 14-01-2020ലെ സർക്കുലർ നമ്പർ എസി 1/125/2019/തസ്വഭവ സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരവും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹576765 നീക്കിയിരിപ്പുണ്ട്. ആയതിൽ ₹237770ടെ ഡെപ്പോസിറ്റുകൾ കാലാവധി കഴിഞ്ഞതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വർഷം | തുക (₹) |
|---|---|---|---|
| 1 | സപ്ലയേഴ്സ് ഇ എംഡി | 2019-20 | 60860 |
| 2 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2016-17 | 10000 |
| | | 2018-19 | 5000 |
| 3 | കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 2013-14 മുതൽ 2018-19 വരെ | 161910 |
| | ആകെ | | 237770 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.10.2023) മറുപടിയായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും പഞ്ചായത്ത് ഭരണസമിതിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-17 പൊതു ടാപ്പുകളുടെ വെള്ളക്കരം - ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് അടച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധം - ₹475000 തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 8/22-23, കുടിവെള്ളക്കരം അടക്കൽ | |
| അടങ്കൽ - ₹637406 | ₹475000 | CFC (Tied) |
| | ₹162406 | MG-NR) |
| ചെലവ് - ₹637406 | | |
| ബിൽ നം., തീയതി, തുക | 2/23.4.2022 | ₹43892 |
| | 26/19.5.2022 | ₹43892 |
| | 44/17.6.2022 | ₹43892 |
| | 64/14.7.2022 | ₹43892 |
| | 79/12.8.2022 | ₹43892 |
| | 113/14.9.2022 | ₹43892 |
| | 134/13.10.2022 | ₹43892 |
| | 169/24.11.2022 | ₹43892 |
| | 199/19.12.2022 | ₹43892 |
| | 246/13.1.2023 | ₹43892 |
| | 304/25.2.2023 | ₹79972 |
| | 318/25.2.2023 | ₹8108 |
| | 334/16.3.2023 | ₹110406 |

ഗ്രാമ പഞ്ചായത്തിലെ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 91 ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ജലജീവൻ മിഷന്റെ കുടിവെള്ള കണക്ഷനുള്ളപ്പോൾ 91 ടാപ്പുകളുടെ ആവശ്യകത ഉറപ്പുവരുത്തിയിട്ടുണ്ടോയെന്നും വെള്ളക്കരം അടവാക്കുന്ന ടാപ്പുകളെല്ലാം പ്രവർത്തന ക്ഷമമാണെന്ന് സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും സംയുക്ത പരിശോധനാ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/13.10.2023 ന് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി മുഴുവൻ വീടുകളിലും പൂർത്തീകരിച്ചിട്ടില്ലെന്നും 91 പൊതു ടാപ്പുകളിൽ 3 എണ്ണം മാത്രം നിലനിർത്തിക്കൊണ്ട് ബാക്കിയെല്ലാ ടാപ്പുകളും ഒഴിവാക്കുന്നതിന് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നുമുള്ള (തീരുമാനം നം. 13-127/2023 തീയതി 24.8.2023) മറുപടിയാണ് ലഭ്യമാക്കിയത്.

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീയതി 19.4.2022 ഖ.6.7(3)ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത ഇനമായ തെരുവ് ടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ ₹475000 ധനകാര്യ കമ്മിഷൻ ഗ്രാന്റ്-ടൈഡ് ഉപയോഗിച്ചാണ് ഒടുക്കിയത്. ഇതിൽ കുടിവെള്ള പ്രൊജക്ടുകൾക്ക് ഈ ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും കുടിവെള്ളക്കരം ഒടുക്കാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് (NR) ഉപയോഗിച്ച് വെള്ളക്കരം ഒടുക്കാനുള്ള അനുമതി സ.ഉ.(സാധാ)1275/2009 ഖണ്ഡിക 2.5 കൂടി സർക്കാർ 01.04.2023 പ്രാബല്യത്തിൽ റദ്ദ് ചെയ്തതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് ഉപയോഗിച്ച് നടത്തിയ ചെലവായ 4,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കാതെ കുടിവെള്ളക്കരം ഒടുക്കിയതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ടതിന് കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി നിർമ്മിച്ച പൊതുടാപ്പുകളുടെ കരം ഒടുക്കുന്നതിന് ധനകാര്യഗ്രാന്റ്-ടൈഡ് ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയതെന്നും ഡി പി സി അംഗീകാരം ലഭിച്ചതിനാലാണ് തുക വിനിയോഗം ചെയ്തതെന്നുമുള്ള മറുപടിയാണ് നൽകിയത്. ഭാവിയിൽ വെള്ളക്കരം അടവാക്കാൻ തനത് ഫണ്ട് മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ. [തദ്ദേശസ്വയംഭരണ വകുപ്പിന്റെ 01.04.2023ലെ സ.ഉ.(സാധാ)799/2023 നമ്പർ ഉത്തരവ് കാണുക]. ധനാകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഉപയോഗിച്ച് വെള്ളക്കരമടക്കാൻ സർക്കാരിന്റെ അനുമതി വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ പ്രവർത്തനക്ഷമത, ഉപയോഗം എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്തതും ഉപയോഗിക്കാത്തതുമായ ടാപ്പുകൾ വിച്ഛേദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 സാന്ത്വനപരിചരണ പരിപാടി- മുഴുവൻ മരുന്നുകളും ലഭ്യമായില്ല- ₹20251 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | 48/23 |
| പ്രോജക്ടിന്റെ പേര് | സാന്ത്വനപരിചരണ പരിപാടി |
| അടങ്കൽ<br>ആകെ | ₹356800 വികസനഫണ്ട് പൊതുവിഭാഗം<br>₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹65680 ജില്ലാപഞ്ചായത്ത് വിഹിതം<br>₹622480 |
| ചെലവ് തുക<br>ആകെ | ₹356420, വികസനഫണ്ട് പൊതുവിഭാഗം<br>₹168443, ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹55320, ജില്ലാപഞ്ചായത്ത് വിഹിതം<br>₹580183 |

സാന്ത്വനപരിചരണം എന്ന മേൽ പ്രോജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ₹50000 (BRN: 22190852004001369983, തീയതി 16.03.2023) മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയ്സ് നം./തീയതി, തുക | ഇൻവോയ്സ് നമ്പർ/ തീയതി | തുക |
|---|---|---|
| PRF 4844/28.02.2023, ₹50000 | 6911/31.05.2023 | 5330 |
| | 7495/03.06.2023 | 6575 |
| | 8478/10.06.2023 | 4025 |
| | 10624/26.06.2023 | 1602 |
| | 10622/26.06.2023 | 350 |
| | 15369/08.08.2023 | 705 |
| | 11204/01.07.2023 | 592 |
| | 10512/19.08.2023 | 6650 |
| | 16667/21.08.2023 | 3920 |
| | ആകെ | 29749 |

ബാക്കി ₹20251 മരുന്നുകൾ ലഭിക്കാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/13.10.2023) മറുപടിയായി മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമാകാനുള്ള മരുന്നുകളുടെ വിലയായ ₹20251 തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഇൻവോയിസ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |
| പ്രോജക്റ്റ് നമ്പർ | 139/23 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ<br>ആകെ | ₹362500 വികസനഫണ്ട് പൊതുവിഭാഗം<br>₹362500 മറ്റുള്ളവ<br>₹725000 |
| ചെലവ്/ബിൽ നം/തീയതി | ₹362500, 4/10.12.2021 |

കന്നുകുട്ടികൾ ഉള്ള 29 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ്. ഇതിനായി 3,62,500/- രൂപ (ഒരു ഗുണഭോക്താവിന് 12,500/- രൂപ നിരക്കിൽ) എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരമുള്ള തുക വിനിയോഗിച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്നത് കൊളച്ചേരി ക്ഷീരോൽപാദക സഹകരണസംഘം (18 ഗുണഭോക്താക്കൾക്ക്), ചേലേരി ക്ഷീരോൽപാദക സഹകരണസംഘം (11 ഗുണഭോക്താക്കൾക്ക്) എന്നിവ മുഖേനയാണ്. കൊളച്ചേരി ക്ഷീരോൽപാദക സഹകരണസംഘം ഹാജരാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം 17 ഗുണഭോക്താക്കൾക്ക് മാത്രമാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഇപ്രകാരം ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ എത്ര പേർ തുടർന്നും ആനുകൂല്യം കൈപ്പറ്റി വരുന്നുണ്ടെന്ന് എൻറോൾമെന്റ് രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പി.യിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ചെലവഴിച്ച മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക തിരിച്ചടക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല- ₹50000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 215/23 സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹50000 (തനത് ഫണ്ട്) |
| ചെലവ് | ₹50000 (തനത് ഫണ്ട്) |
| ബിൽ നം. & തീയതി | 423/30.3.2023 |

തദ്ദേശ സ്ഥാപന ഓഫീസ് കേന്ദ്രീകരിച്ച് അടിസ്ഥാന ഇന്റർ കണക്റ്റിവിറ്റി സൗകര്യങ്ങളും ഒരു 4 AMP നെറ്റ് വർക്ക് ക്യാമറയും 300VA പവർ ഒപ്റ്റിമൈസറും അടങ്ങുന്ന സംവിധാനങ്ങളാണ് ഫേസ്-1ൽ സ്ഥാപിക്കേണ്ടത്. പ്രോജക്റ്റ് പ്രകാരം പദ്ധതി നിർവ്വഹണത്തിനായി ₹50000 ജില്ലാ പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/9.10.2023ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹50000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗിക്കാത്ത തുകയായ 10,000/-രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗിക്കാത്ത തുക ക്രമീകരിക്കേണ്ടതാണ്.

കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലെ ശുചീകരണ പ്രവൃത്തികൾക്കായി വാർഡ് സാനിട്ടേഷൻ സമിതികൾക്ക് ₹10000 വീതം ₹170000 (₹10000X17) വൗച്ചർ നം. 22200141/26.6.2022 പ്രകാരം അനുവദിച്ചിരുന്നു. ആയതിൽ വാർഡ് നം. III ഒഴികെയുള്ള വാർഡുകളിൽ ശുചീകരണ പ്രവൃത്തികൾ നടത്തിയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിച്ച ₹10000 തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം - ഭൂജല വകുപ്പിന് നൽകിയ തുകയുടെ വിനിയോഗ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല - ചെലവ് തുകയായ ₹190000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 200/23, സെന്റർ 120 കരിങ്കൽക്കുഴി അങ്കണവാടി സെന്റർ നം. 108, കാവുംചാൽ അങ്കണവാടി സെന്റർ നം. 107, എടക്കൈ അങ്കണവാടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹375000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹190000 |
| വൗച്ചർ നം., തീയതി | 22201266/26.03.23 |

സെന്റർ 120 കരിങ്കൽക്കുഴി അങ്കണവാടി, സെന്റർ നം. 108, കാവുംചാൽ അങ്കണവാടി സെന്റർ നം. 107, എടക്കൈ അങ്കണവാടി എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ഭൂജല വകുപ്പിൽ നിന്നുള്ള പര്യവേഷണ റിപ്പോർട്ട് (നം 21.3.2023 ലെ GW/KNR/2026/23) പ്രകാരം കാവുംചാൽ അങ്കണവാടിക്ക് സ്ഥല പരിമിതി മൂലം കുഴൽ കിണർ കുഴിക്കാൻ അനുയോജ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം മറ്റ് രണ്ട് അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള തുകയായ ₹190000 മേൽ ബിൽ പ്രകാരം പ്രസ്തുത വകുപ്പിൽ അടവാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ വിവരവും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി പമ്പുസെറ്റും മറ്റ് അനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചിച്ചിട്ടുള്ള നടപടികളുടെ വിവരവും രേഖകൾ സഹിതം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/9.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുകയായ ₹190000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കിയില്ലെങ്കിൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി മാറുമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22ലെ സർക്കുലർ നമ്പർ ഡി.എ.64/22ലേക്ക്

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ - ഒരു സ്കാനർ ലഭ്യമായിട്ടില്ല – ചെലവ് തുകയായ ₹22476 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 151/23, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ |
| അടങ്കൽ | ₹500000 (തനത് ഫണ്ട്) |
| ചെലവ് | ₹258937 |
| ബിൽ നം. & തീയതി | 254/27.01.2023 |

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ (5 എണ്ണം), പ്രിന്റർ (2 എണ്ണം), സ്കാനർ (2 എണ്ണം) എന്നിവ വാങ്ങുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 2 A4- ഫെഡ് സ്കാനറുകളും ലഭ്യമാക്കുന്നതിനായി കെൽട്രോണിന്റെ ഇൻവോയ്സ് (TVM/ITBG/PI/RC/44513/22-23/8.1.2023) പ്രകാരം ₹258937 പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഹാർഡ് വെയർ രജിസ്റ്റർ പരിശോധിച്ചതിൽ 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഒരു A4 - ഷീറ്റ് ഫെഡ് സ്കാനറും ലഭിച്ചതിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

രണ്ട് സ്കാനറിന്റെ തുക (2X22476=₹44952) കെൽട്രോണിന് നൽകിയിട്ടുണ്ട്. ഡെലിവറി ചലാനിൽ (നം.03859/ITP/ 23-24/13.07.23) 2 സ്കാനർ ഡെലിവറി ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 1 സ്കാനർ മാത്രമേ ഇൻസ്റ്റാൾ ചെയ്ത് സ്റ്റോക്കിലെടുത്തിട്ടുള്ളൂ. രണ്ടാമത്തെ സ്കാനർ ഇൻസ്റ്റാൾ ചെയ്ത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/13.10.2023ന് ഒരു സ്കാനർ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും സ്കാനർ കെൽട്രോണിൽ സ്റ്റോക്കില്ലാത്തതിനാൽ ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാമന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. തുക അനുവദിച്ചിട്ടും സ്കാനർ ലഭിക്കാത്തതിനാൽ ടി ഇനത്തിലെ ചെലവ് തുകയായ ₹22476 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ - പ്യൂരിഫയർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല – ചെലവ് തുക ₹259662 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 194/23, അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ വാങ്ങൽ |
| അടങ്കൽ | ₹260000 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹259662 |
| ബിൽ നം., തീയതി | 358/21.3.2023 |

കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ 25 അങ്കണവാടികളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്ന പ്രോജക്ട് ആണിത്. 1 വാട്ടർ പ്യൂരിഫയറിന് ₹10400 വെച്ച് ₹260000 വകയിരുത്തി. ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ അർജ്ജുൻ അസോസിയേറ്റ്സ്, അരിമ്പ്ര, മുല്ലക്കൊടി, കണ്ണൂർ എന്ന സ്ഥാപനത്തിന് വാട്ടർ പ്യൂരിഫയർ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. പ്രോജക്ട് പ്രകാരം 25 അങ്കണവാടികളിലാണ് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നത്. മേൽ സ്ഥാപനത്തിന്റ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ ഇൻവോയ്സിൽ (നം. CM34/ 18.3.2023) ഒരു വാട്ടർ പ്യൂരിഫയറിന് ₹9987 നിരക്കിൽ (26X9987) ₹259662 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം അർജ്ജുൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് പ്രസ്തുത തുക അനുവദിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പ്രൊജക്ട് പ്രകാരം വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ (സ്റ്റോക്ക് രജിസ്റ്റർ) പരിശോധിച്ചതിൽ 25 അങ്കണവാടികളിൽ പ്യൂരിഫയർ കിട്ടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. C R No.121 – കൊളച്ചേരി സെൻട്രൽ അങ്കണവാടിയിൽ പ്യൂരിഫയർ ലഭ്യമായിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അങ്കണവാടിയിൽ 17.10.2023ന് നേരിട്ട് പരിശോധന നടത്തിയപ്പോൾ വാട്ടർ പ്യൂരിഫയർ ലഭിച്ചതായി കണ്ടു. എന്നാൽ

ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2. 26 അങ്കണവാടികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ റിപ്പോർട്ട് (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

അപാകങ്ങൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/16.10.2023ന് 26 അങ്കണവാടികളിലും വാട്ടർ പ്യൂരിഫയർ ലഭിച്ചിട്ടുണ്ടെന്നും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വാട്ടർ പ്യൂരിഫയർ അടിയന്തരമായി ഇൻസ്റ്റാൾ ചെയ്യുന്നതിന് നടപടി സ്വീകരിക്കും എന്നുമാണ് അറിയിച്ചതെങ്കിലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

26 വാട്ടർ പ്യൂരിഫയർ വാങ്ങിയെങ്കിലും എത്ര എണ്ണം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതെന്ന് വ്യക്തമല്ലാത്തതിനാലും ഇൻസ്റ്റാലേഷൻ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ഈ ഇനത്തിലെ ചെലവ് തുകയായ ₹259662 തടസ്സപ്പെടുത്തുന്നു. മേൽപ്പറഞ്ഞ മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നിർദ്ദിഷ്ട നിരക്കിനേക്കാൾ അധികം നൽകിയ ₹4000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ | |
| പ്രോജക്ട് നം. & പേര് | 6/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | |
| അടങ്കൽ -₹2200000 | ₹834445 | വികസന ഫണ്ട് |
| | ₹175555 | തനത് ഫണ്ട് |
| | ₹660000 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് |
| | ₹540000 | ജില്ലാ പഞ്ചായത്ത് ഫണ്ട് |
| ചെലവ് - ₹1696720 | ₹640645 | വികസന ഫണ്ട് |
| | ₹175555 | തനത് ഫണ്ട് |
| | ₹660000 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് |
| | ₹220000 | ജില്ലാ പഞ്ചായത്ത് ഫണ്ട് |

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022ലെ ഖ.7.1.6 (ബി) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹28500 (സ്കോളർഷിപ്പ് – 12X₹1000, വസ്ത്രങ്ങൾക്കുള്ള ബത്ത – ₹1500, പഠന സഹായി - ₹2000, ഡേ സ്കോളർക്ക് യാത്രാബത്ത – 12X₹1000, ഉല്ലാസ യാത്ര - ₹1000) സ്കോളർഷിപ്പും ബത്തയുമായി അനുവദിക്കാവുന്നതാണ്. എന്നാൽ റെയ്ഹാൻ കെ കെ എന്ന വിദ്യാർത്ഥിക്ക് നിർദ്ദിഷ്ട നിരക്കിലും അധികം തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. & തീയതി | തുക |
|---|---|
| 2219085200410083576З/28.11.2022 | ₹13500 |
| 175/28.11.2022 | ₹6000 |
| 22190852004101219001/21.2.2023 | ₹4000 |
| 407/28.3.2023 | ₹9000 |
| ആകെ | ₹32500 |

അനുവദിക്കാവുന്ന തുക - ₹28500

അനുവദിച്ച തുക - ₹32500

അധികം അനുവദിച്ചത് - ₹4000

സർക്കാർ നിർദ്ദേശിച്ചതിലും അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/17.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാൽ അധികം നൽകിയ ₹4000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒന്നുകിൽ തുക തിരിച്ചടയ്ക്കുകയോ അല്ലാത്തപക്ഷം അടുത്ത വർഷത്തിലെ തുകയിൽ ₹4000 ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ രേഖകളും ലഭ്യമായിട്ടില്ല -

## ₹42074 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. & പേര് | 7/23, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹200000 |
| ബിൽ നം., തീയതി | 282/13.2.2023 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോ, മാനേജിംഗ് ഡയറക്ടറുടെ പ്രൊഫോർമ ഇൻവോയ്സ് (PF1167/16.1.2023) പ്രകാരം ₹200000 അനുവദിച്ചിരുന്നു. അനുവദിച്ച തുകയ്ക്ക് മരുന്നുകൾ ലഭ്യമായതിന്റെയും മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/9.10.2023 ന് ₹157926 ടെ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി. ₹42074 ടെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. പ്രസ്തുത തുകയ്ക്കുള്ള മരുന്ന് ലഭിക്കാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അപാകങ്ങൾ -അധികം നൽകിയ₹1395 തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 164/23 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | ₹100000 വികസന ഫണ്ട് (ജനറൽ)<br>₹500000 ബ്ലോക്ക് വിഹിതം<br>₹500000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹1100000 |
| ചെലവ് തുക/ബിൽ നം./തിയ്യതി | ₹100000/22190852008101138797/04.02.23<br>₹500000/221908520081000997134/31.12.22<br>₹100000/2219085200810153156/28.03.23<br>ആകെ: ₹700000 |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ 4 ക്ഷീര കർഷക സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് ₹3 നിരക്കിൽ ₹700000 സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു. പട്ടികയിൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിൽ താഴെ പറയുന്ന പ്രകാരമുള്ള അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

| തുക/ബിൽ നം./തിയ്യതി | അനുവദിച്ച തുക | | | |
|---|---|---|---|---|
| | റസീന കെ വി | സുരേശൻ ബി എം | ഫൗസിയ കെ | ഫാത്തിമ കെ |
| ₹500000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) | ₹9620 | ₹4623 | ₹2064 | ₹4248 |
| ₹100000 (ജില്ലാ പഞ്ചായത്ത് വിഹിതം) | ₹3189 | ₹832 | ₹261 | ₹540 |
| ₹100000(വികസന ഫണ്ട്) | ₹4842 | ₹1008 | ₹267 | ₹1104 |
| ആകെ | ₹17651 | ₹6463 | ₹2592 | ₹5892 |

A) പദ്ധതി പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം റസീന കെ വി എന്ന ഗുണഭോക്താവിന് ₹17651 അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്ഷീരസംഘങ്ങളിൽ പാലളന്നതുമായി ബന്ധപ്പെട്ട പത്രിക പ്രകാരം കണ്ണാടിപ്പറമ്പ ക്ഷീര സംഘത്തിൽ 4045 ലിറ്ററും കായച്ചിറ ക്ഷീരോത്പാദക സംഘത്തിൽ 1474 ലിറ്ററുമാണ് പാലളന്നിട്ടുള്ളത്. അതു പ്രകാരം 5519 (4045+ 1474) ലിറ്റർ പാലളവിനുള്ള തുകയായ ₹16557ക്കാണ് അർഹതയുള്ളത്. ആയതു പ്രകാരം ₹1094 അധികം അനുവദിച്ചിട്ടുണ്ട്.

B) പദ്ധതി പ്രകാരം സുരേശൻ ബി എം എന്ന ഗുണഭോക്താവിന് ₹6463 അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്ഷീരോത്പാദക സംഘങ്ങളിൽ പാലളന്നതുമായി ബന്ധപ്പെട്ട പത്രിക പ്രകാരം കായച്ചിറ ക്ഷീരോത്പാദക സംഘത്തിൽ 2054 ലിറ്റർ പാലളന്നതിനുള്ള തുകയായ ₹6162 ആണ് അനുവദിക്കേണ്ടിയിരുന്നത്. ആയതു പ്രകാരം ₹301 രൂപ അധികം അനുവദിച്ചിട്ടുണ്ട്.

C) പദ്ധതി പ്രകാരം തുക അനുവദിച്ച ഫാത്തിമ കെ (₹2592), ഫൗസിയ കെ (₹5892) എന്നീ ഗുണഭോക്താക്കൾ ഒരേ റേഷൻ കാർഡിലുൾപ്പെട്ടവരാണ്. ഒരേ ടാഗ് നമ്പറിലുള്ള 3 പശുക്കളുടെ പാലളവിനുള്ള സബ്സിഡിക്കുള്ള അപേക്ഷയുമാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ/28.05.22 ഖ.6.3.9.4 പ്രകാരം ഒരു കുടുംബത്തിലെ ഒരു ക്ഷീര കർഷകന് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിർദ്ദേശത്തിന് എതിരായ രീതിയിൽ ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

മേൽ പരാമർശിച്ച അപാകങ്ങൾക്ക് മറുപടി/രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/12.10.23)മറുപടി ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതും അധികം നൽകിയ ₹1395 തിരികെ ഈടാക്കേണ്ടതുമാണ്.

## 1-28 നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് ചട്ടവിരുദ്ധം - ചെലവു തുക ₹719593 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 20/23 ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം |
| അടങ്കൽ | ₹100000 (മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹44032 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹255968 (21-22 വർഷത്തെ ചെലവ്) + ₹719593 (22-23) = 975561 |
| തുക/ബിൽ നമ്പർ/ തീയതി | ₹719593/22190852003701418907/21.03.23 |
| പി എ സി | ₹871036 |
| കരാറുകാരന്റെ പേര് | ലക്ഷ്മണൻ കെ പി |
| എം ബുക്ക് നം. | 169/19-20, 1/21-22 |
| ആകെ പ്രവൃത്തി മൂല്യം | ₹871036 |
| എഗ്രിമന്റ് നം. | AE/LSGD/KGP/04 /21-22/14.07.21 |

ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി പട്ടികയിൽ പരാമർശിച്ച പ്രകാരം തുക ചെലവ് ഉണ്ടായിട്ടുണ്ട്. കരാറുകാരന് നൽകിയ വർക്ക് ഓർഡർ പ്രകാരം സൈറ്റ് ഏറ്റെടുത്ത് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കരാറുകാരന് സൈറ്റ് അനുവദിച്ചത് 14.07.21നാണ്. 13.01.23ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി എം ബുക്ക് നം.169/19-20 പ്രകാരം പൂർത്തീകരിച്ചിട്ടുള്ളത് 30.04.22ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് ഭരണസമിതി അനുമതി നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും, അനുമതി നൽകിയിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.24/13.10.23)ക്ക് ലഭിച്ച മറുപടിയിൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ 23.03.2022ന് (ഭരണസമിതി തീരുമാനം നമ്പർ 63(11)/2022/23.03.22) എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയത് എന്ന മറുപടിയാണ് നൽകിയത്. എന്നാൽ ഏത് കാരണത്താലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലയളവ് ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുമ്പായി നൽകേണ്ടതാണ്. എന്നാൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാരൻ

നല്കിയിട്ടുള്ള അപേക്ഷ ഹാജരാക്കിയിട്ടില്ല. അപേക്ഷ നൽകാതെയും വ്യക്തമായ കാരണം ഇല്ലാതെയും സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടാതെയും പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയം ദീർഘിപ്പിച്ച നല്കിയത് ശരിയായ നടപടിയല്ല. ചെലവു തുകയായ ₹719593 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണകാലാവധിക്ക് ശേഷം വ്യക്തമായ കാരണം രേഖപ്പെടുത്താതെ 23.03.23 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനും ഖണ്ഡികയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കും വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ജി എസ് ടി കോമ്പൻസേഷൻ അധികം തുക അനുവദിച്ചത്- ₹1998 ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 35/23 അംഗനവാടികൾക്ക് കള്ളുസ് നിർമ്മാണം അറ്റകുറ്റപ്പണി |
| അടങ്കൽ | ₹60000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) , |
| ചെലവ് | ₹225743 |
| ബിൽ നമ്പർ/തീയതി | 214/27.12.12 |
| കരാറുകാരന്റെ പേര് | ശ്രീ ആർ പി മുഹമ്മദ് അഷ്‌റഫ് |
| എം ബുക്ക് നം. | 31/19-20, 26/21-22 |
| ആകെ പ്രവൃത്തി മൂല്യം/ PAC | ₹199773 |
| എഗ്രിമന്റ് നം. | AE/LSGD/KGP/37/21-22/11.03.22 |

അങ്കണവാടികൾക്ക് കള്ളുസ് നിർമ്മാണം അറ്റകുറ്റപ്പണി എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി പട്ടികയിൽ പരാമർശിച്ച പ്രകാരം തുക ചെലവ് ഉണ്ടായിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തോടൊപ്പം 12% ജി എസ് ടി കോമ്പൻസേഷന് അർഹതയുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം തുക അനുവദിക്കുമ്പോൾ ₹199773യുടെ 12% തുകയായ ₹23972 അനുവദിക്കുന്നതിനു പകരം ₹25970 ആണ് നൽകിയിട്ടുള്ളത്. ₹1998 അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/17.10.23) മറുപടി ഹാജരാക്കുകയുണ്ടായില്ല. അധികം നൽകിയ ₹1998 ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-30 ജലജീവൻ മിഷൻ പദ്ധതിക്കായി കുഴിയെടുക്കൽ-റോഡ് റിപ്പയർ - നടപടി സ്വീകരിക്കേണ്ടതാണ്.

2022-23 വർഷം നിർമ്മാണം പൂർത്തിയാക്കിയ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ക്രമ നം 1, 2 റോഡുകളിൽ ജലജീവൻ മിഷൻ പദ്ധതിയുടെ നടപ്പിലാക്കുന്നതിന് കുഴി എടുത്തതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള റോഡിന്റെ തകരാറുകൾ പരിഹരിക്കുന്നതിനായി 09.06.22 തിയ്യതിയിലെ 96(15)/2022, 96(5)/2022 നമ്പറുകളിലുള്ള ഭരണസമിതി തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റിയോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്രമ നം 3-പ്രകാരമുള്ള റോഡിന്റെ പ്രവൃത്തി പ്രസ്തുത റോഡിന്റെ വശങ്ങളിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കുഴി എടുത്തതിനാൽ ബേൺ കോൺക്രീറ്റ് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാതെ വരികയും 21.05.22 തിയ്യതിയിലെ 89(3)/22 തീരുമാനപ്രകാരം ഫൈനൽബിൽ പ്രകാരം കരാറുകാരന് തുക അനുവദിക്കുകയാണ് ഉണ്ടായത്.

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി, പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡിൽ പണി നടത്തുന്നതിലൂടെ റോഡുകളിൽ ഉണ്ടായിട്ടുള്ള തകരാറുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡിൽ പണി നടത്തുന്നതി നുള്ള അനുമതിക്കായി പഞ്ചായത്തിൽ അപേക്ഷിച്ചതിന്റെയും ആയതിന് ഗ്രാമപഞ്ചായത്ത് ഏത് വ്യവസ്ഥ പ്രകാരമാണ് പ്രവൃത്തി നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത് എന്നതിന്റെയും രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/13.10.23.) ഹാജരാക്കിയ മറുപടിയിൽ കേരള വാട്ടർ അതോറിറ്റി പ്രവൃത്തി നടപ്പിലാക്കുന്നത് പഞ്ചായത്തിനെ അറിയിക്കാതെയാണ് എന്നാണ്.

| ക്രമ നം | പദ്ധതിയുടെ പേര് | എം ബുക്ക് പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിച്ച തിയ്യതി | പദ്ധതിയുടെ ആകെ ചെലവ് |
|---|---|---|---|
| 1 | 39/23 പെരുമാച്ചേരി ലക്ഷം | 01.04.2022 | ₹457326(1st)+29666 |

| | | | |
|---|---|---|---|
| | വീട് കയരളം മൊട്ട റോഡ് റി-ടാറിംഗ് | | (Final)=486992 |
| 2 | 38/23 പാമ്പുരുത്തി മൊയ്തീൻ പള്ളി ശ്രീ കുറുമ്പ ക്ഷേത്രം റോഡ് റി ടാറിംഗ് | 08.04.22 | ₹421614 |
| 3 | 39/23 തട്ടുപറമ്പിൽ മുട്ടുകുന്നമ്മൽ റോഡ് റി ടാറിംഗ് | 05.04.2022 | ₹117278 |

പഞ്ചായത്തിന്റെ അനുവാദത്തോടെ മാത്രം പഞ്ചായത്തിന്റ ആസ്തിയിൽ പെട്ട സ്ഥലത്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, റോഡ് നിർമ്മാണത്തിനായി വിനിയാഗിക്കുന്ന ഫണ്ടുകൾ പാഴായി പോകുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 ലൈഫ് മിഷൻ ഭവന വായ്പ മുതൽ തിരിച്ചടക്കാൻ ബാക്കിയില്ലാതിരുന്നിട്ടും വികസന ഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് പ്രോജക്കുകൾ (പ്രോജക്ട് നമ്പർ-235/23, 239/23, 236/23,240/23) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് ₹24,09,452 കുറവ് ചെയ്തിട്ടുണ്ട്. വായ്പ രജിസ്റ്റർ പ്രകാരം വായ്പ ഇനത്തിൽ തിരിച്ചടക്കാൻ തുക ബാക്കിയുണ്ടായിരുന്നില്ല. 2021-22 വർഷത്തിൽ ഈ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നത് ₹12,59,973 ആണ്. എന്നാൽ ₹16,28,000യാണ് പ്രസ്തുത വർഷം കുറവ് ചെയ്തത്. അതായത് ₹368027 അധികമായി കുറവ് ചെയ്തിട്ടുണ്ട്. ഈ രണ്ട് വർഷങ്ങളിലായി ₹27,77,479 (₹2409452 + 368027) കുറവ് ചെയ്തിട്ടുണ്ട്. ടി തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുക തിരികെ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 മാലിന്യ സംസ്കരണം - പൊതു അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/07.10.23ന് കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാലിന്യ സംസ്കരണ ജലസംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) അജൈവമാലിന്യം

1) ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ഹോട്ടലുകൾ, ആതുരാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി ശേഖരിച്ച് തരംതിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ചെയ്യുന്നുണ്ട്. പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നുണ്ട്. ഹരിത മിത്രം ഗാർബേജ് ആപ്പ് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്.

2) എം സി എഫ് ന്റെ പ്രവർത്തന വിവരം

പഞ്ചായത്ത് പരിധിയിൽ വിവിധ ഭാഗങ്ങളിലായി മാലിന്യ ശേഖരണത്തിനായി 17 മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. MGNREGS പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഒരു മിനി എം സി എഫ് നൂഞ്ഞേരിയിൽ സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യ ശേഖരണത്തിനായി നിലവിൽ താൽകാലിക എം സി എഫ് ആണ് പ്രവർത്തിച്ചു വരുന്നത്. പാടിക്കുന്നിലെ പുതിയ എം സി എഫിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരണഘട്ടത്തിലെത്തി നിൽക്കുകയാണ്. നിലവിൽ പഞ്ചായത്തിൽ RRF പ്രവർത്തിക്കുന്നില്ല. ബെയിലിംഗ്-ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മ സേനകൾ ശേഖരിച്ച അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്/പ്ലാസ്റ്റിക്കേതര മാലിന്യങ്ങളായി തരം തിരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.

ക്ലീൻ കേരള കമ്പനി

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് നൽകിയ തുകയുടെ വിവരം.

| വർഷം | മാലിന്യത്തിന്റെ അളവ് (Kg) | തുക |
|---|---|---|

| | | |
|---|---|---|
| 2021-22 | 2312.8 Kg | 23128 |
| 2022-23 | 3445,6kg | 34456 |
| 2022-23 | 4070 | 40700 |

മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിച്ച തുകയുടെ വിവരം.

| വർഷം | മാലിന്യത്തിന്റെ അളവ് (Kg) | ലഭിച്ച തുക |
|---|---|---|
| 2020 | 4070 | 12166 |
| 2021 | 28014 | 68429 |
| 2022 | 33917 | 140575 |
| 2023 | 20442 | 167797 |

3) നിലവിൽ പഞ്ചായത്തിന് സ്വന്തമായുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ല.

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ച മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ നിരോധിത പ്ലാസ്റ്റിക് കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള സ്ക്വാഡുകൾ വഴി കൃത്യമായ പരിശോധനയും ബോധവത്കരണവും നടന്നു വരുന്നു. ഒറ്റത്തവണ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. വ്യാപാരസ്ഥാപനങ്ങളിൽ എല്ലാ മാസവും പഞ്ചായത്ത് തല ശുചിത്വ സ്ക്വാഡിന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും ചട്ടലംഘനം പിടിക്കപ്പെട്ടാൽ പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 100 പേരിൽ കൂടുതൽ ഉള്ള എല്ലാ ചടങ്ങുകളും ഹരിത പ്രൊട്ടോകോൾ പാലിച്ചുകൊണ്ട് നടത്തുന്നു. നിരോധിത പേപ്പർ പ്ലേറ്റ്, പേപ്പർ ഗ്ലാസ്, പ്ലാസ്റ്റിക്ക് എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിനുമായി ഹരിത മാംഗല്യം പദ്ധതിയിലൂടെ ഗ്ലാസുകൾ, പ്ലേറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച വരുന്നുണ്ട്. എല്ലാ വാർഡുകളിലുമായി ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

5) ഗ്രാമപഞ്ചായത്ത് ഓഫീസിലേയും സബ് ഓഫീസുകളിലേയും ഇ വേസ്റ്റുകളും ക്ലീൻ കേരള കമ്പനിക്കു തന്നെയാണ് കൈമാറുന്നത്.

(ബി) ജൈവമാലിന്യം

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോക്ക് പിറ്റ് കമ്പോസ്റ്റ് പിറ്റ് ഇവയും വാർഷിക പദ്ധതിയുടെ ഭാഗമായി റിംഗ് കമ്പോസ്റ്റുകളും സ്ഥാപിച്ച വരുന്നുണ്ട്.

ഗാർഹിക - ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 2692 വീടുകളിൽ പൈപ്പ് കമ്പോസ്റ്റ് യൂനിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 100% നേട്ടം കൈവരിക്കണമെങ്കിൽ 5462 യൂണിറ്റുകൾ കൂടി വിതരണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിച്ച വരുന്നു. പഞ്ചായത്തിൽ നിലവിൽ ജൈവമാലിന്യ സംസ്കരണ സംവിധാനം ഇല്ല. ആയതിനാൽ പൊതു സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ വാർഡ് തലത്തിൽ തന്നെ സംസ്കരിച്ച് വരുന്നു.

നവകേരളം വലിച്ചെറിയൽ മുക്ത കേരളം.

നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ 1, 2 തിയ്യതികളിൽ 17 വാർഡുകളിലായി വിവിധ പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ശുചീകരണം നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാല, ഗ്രാമപഞ്ചായത്ത് ഓഫീസ് പരസരം, അങ്കണവാടി, ഹെൽത്ത് സെന്ററുകൾ, ഓടകൾ, ജലാശയങ്ങൾ എന്നിവിടങ്ങൾ വൃത്തിയാക്കുകയും വിവരങ്ങൾ വാർറൂം പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗാന്ധി ജയന്തിയോടനുബന്ധിച്ച് 02-10-23ന് 200 പേരെ സംഘടിപ്പിച്ച കൊണ്ട് തീവ്ര ശുചീകരണം നടത്തിയിട്ടുണ്ട്.

സി സി ടി വി ക്യമറ

ബഹു: തളിപ്പറമ്പ എം എൽ എ ശ്രീ.ജയിംസ് മാത്യു അവർകളുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് മാലിന്യ നിക്ഷേപം നടത്താതിരിക്കാനും അവ നടത്തുന്നവരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും കൊളച്ചേരി ഗ്രാമ പഞ്ചായത്തിൽ "തേർഡ് ഐ" എന്ന പേരിൽ 11 സി സി ടി വി വീഡിയോ റക്കോർഡുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്.

## 1-33 തനത് വരുമാനം-അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ, വാടക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യു ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

2022-23 വർഷത്തെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും യോഗങ്ങളിൽ വസ്തുനികുതി കളക്ഷൻ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്യുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു തനതു വരുമാന മേഖലകൾ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി ഒഴികെയുള്ള വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്/പിരിവ് പുരോഗതി എന്നിവ സംബന്ധിച്ച അവലോകനം നടത്തിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ)നം.77/2023/തസ്വഭവ തി:22.3.23, എസ്.ആർ.ഒ.നം.479/2023 തി:5.4.23 എന്നിവ പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 25.05.2023 ൽ ചേർന്ന 33/23-ാം നമ്പർ തീരുമാന പ്രകാരം മേൽ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിൽ ഈടാക്കേണ്ടുന്ന നികുതി നിരക്കുകൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഭരണസമിതിയോട് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.05.2023 തീയതിയിലെ 62(1)/2023 നമ്പർ തീരുമാനപ്രകാരം വസ്തുനികുതി നിരക്ക് അംഗീകരിക്കുകയും ജെ.സി.3-3894/2023, തീയതി 04.09.2023 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തുകയും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും കൊണ്ട് പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി /നികുതിയേതര വരവിനങ്ങളുമായി ബന്ധപ്പെട്ട അവലോകനം

1. വസ്തുനികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാർഗ്ഗമാണ് വസ്തുനികുതി ഇനത്തിലുള്ള വരവ്. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) അനധികൃത നിർമ്മാണം

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി 536 കെട്ടിടങ്ങളുടെ 9ബി ഫോമുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

B) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറ നിർമ്മിതിയുള്ളതും 250 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായ 15 ശതമാനം വർദ്ധനവ് വരുത്തിയിട്ടില്ല. ഇത് കാരണം വസ്തുനികുതി തുകയിൽ കുറവ് സംഭവിച്ചിട്ടുണ്ട് .ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

C) കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു- വസ്തുനികുതി ഇനത്തിൽ വരവ് നഷ്ടം

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ (വസ്തുനികുതി ചതുരശ്രമീറ്ററിന് 30/- രൂപ) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി (വസ്തുനികുതി ചതുരശ്രമീറ്ററിന് 3/- രൂപ) നികുതി നിർണ്ണയിച്ചത് കാരണവും അനർഹമായി നികുതി ഒഴിവാക്കി നൽകിയത് കാരണവും വസ്തുനികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട് (ഖണ്ഡിക 1-12-2 കാണുക). ഇപ്രകാരം തെറ്റായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള

നടപടി സ്വീകരിക്കേണ്ടതാണ്.

2. എഫ് ടി ഇ & ഒ എസ് ലൈസൻസ്

എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ചട്ടങ്ങളുടെ 31.10.2017 ലെ ഭേദഗതി ഉത്തരവുകൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകം കാരണം ലൈസൻസ് വരവിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. (വിശദ വിവരങ്ങൾ ഖണ്ഡിക 1-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് 15000/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ഈടാക്കി വരുന്ന പരമാവധി ലൈസൻസ് ഫീസ് 5000 രൂപയാണ്. ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ ഈടാക്കുന്ന ഫീസ് കൃത്യമാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഫീസ് ഇനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.
സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 2951 ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 586 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ച് വരുന്നുണ്ട്. എന്നാൽ തൊഴിൽനികുതി റിട്ടേണുകളിൽ വരുമാനം സംബന്ധിച്ച കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദമായി ഖണ്ഡിക 1-15 പരാമർശിച്ചിട്ടുണ്ട്. തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. വാടക

2022-23 സാമ്പത്തിക വർഷം 3 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല. 2-ാം വാർഡിലെ 261-ാം നമ്പർ മുറി വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ചിട്ടില്ല (ഖണ്ഡിക 1-12 കാണുക). കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഒഴിവായി കിടക്കുന്ന കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 5-1ൽ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമ പഞ്ചായത്ത് 2020-21, 2021-22, 2022-23 വർഷങ്ങളിലായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകുന്നുണ്ട്. ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പ്രവൃത്തി യുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോ സിറ്റ് ചെയ്ത തുക | ഡെപ്പോ സിറ്റ് ചെയ്ത വർഷം/ എഗ്രിമെന്റ് നം/തീയതി | നിർവ്വഹണ ഏജൻസി വിനിയോ ഗിച്ച തുക |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം.186/20 നണിയൂർ ലക്ഷം വീട് കോളനി, കേളൻമുക്ക് ചേലേരി ലക്ഷം വീട് കോളനി | കെ എസ് ഇ ബി | ₹23220 | 2019-20 എഗ്രിമെന്റ് വെച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | എന്നിവിടങ്ങളിൽ തെരുവ് വിളക്ക് നീട്ടൽ | | | | |
| 2 | പ്രോജക്ട് നം.111/20 കൊളച്ചേരിപ്പറമ്പ് നാല് സെന്റ് കോളനി കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | ₹80000 | 2020-21 എഗ്രിമെന്റ് ഇല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 3 | പ്രോജക്ട് നം. 203/21 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ വലിക്കൽ | കേരള വാട്ടർ അതോറിറ്റി | ₹2490000 | 2020-21 എഗ്രിമെന്റ് ഇല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 4 | പ്രോജക്ട് നം. 79/22, വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ വലിക്കൽ | കേരള വാട്ടർ അതോറിറ്റി | ₹1002800 | 2021-22, എഗ്രിമെന്റ് ഇല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 5 | പ്രോജക്ട് നം. 200/23, സെന്റർനം.120- കരിങ്കൽകുഴി അങ്കണവാടി, സെന്റർ നം.108 കാവുംചാൽ അങ്കണവാടി, സെന്റർ നം.107- എടക്കൈ അങ്കണവാടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | ₹190000 | 2022-23 എഗ്രിമെന്റ് ഇല്ല | പ്രവൃത്തി നടന്നു വരുന്നു |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. വിവിധ പ്രവൃത്തികൾക്കായി കൊളച്ചേരി ഗ്രാമ പഞ്ചായത്ത് ഭൂജല വകുപ്പിന് തുക കൈമാറിയപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടില്ല. ക്രമ നമ്പർ 3 പ്രകാരമുള്ള കുഴൽക്കിണർ നിർമ്മാണം പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ഉത്തരവാദിത്തം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.03.22, 10.07.22 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡി.എ.64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 06.10.2023, 07.10.2023 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1643/2023 തീയതി: 22-11-2023. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 337000 | 2022-23 | 11/23 ബഡ്സ് സ്കൂൾ നടത്തിപ്പ് ചെലവ് | 337000 | ഇല്ല |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 660000 | 2022-23 | 6/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 660000 | ഇല്ല |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 1394179 | 2022-23 | 55/23കൊളച്ചേരിപ്പറമ്പ വാതക ശ്മശാനം നിർമ്മാണം | 1394179 | ഇല്ല |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 500000 | 2022-23 | 164 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000 | ഇല്ല |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 702160 | 2022-23 | 103/23 ലൈഫ് ഭവന പദ്ധതി-പൊതുവിഭാഗം | 702160 | ഇല്ല |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 300000 | 2022-23 | 89/23 ലൈഫ് ഭവന പദ്ധതി- പട്ടികജാതി | 300000 | ഇല്ല |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 1362734 | 2022-23 | 75/23 ലൈഫ് ഭവന പദ്ധതി- പട്ടികജാതി അഡീഷനൽ | 1362734 | ഇല്ല |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 168443 | 2022-23 | 48/23 സാന്ത്വന പരിചരണ പദ്ധതി | 68443 | ഇല്ല |
| | ആകെ | 5424516 | | | 5424516 | |
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 765000 | 2022-23 | നെൽകൃഷിവികസനം | 765000 | ഇല്ല |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 220000 | 2022-23 | 6/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ളസ്കോളർഷിപ്പ് | 220000 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2500000 | 2022-23 | 55/23 കൊളച്ചേരി പ്പറമ്പ വാതക ശ്മശാനം നിർമ്മാണം | 2500000 | ഇല്ല |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2022-23 | 164 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1740000 | 2022-23 | 103/23 ലൈഫ് ഭവന പദ്ധതി-പൊതുവിഭാഗം | 1740000 | ഇല്ല |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 640000 | 2022-23 | 89/23 ലൈഫ് ഭവന പദ്ധതി- പട്ടികജാതി | 640000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 860000 | 2022-23 | 75/23 ലൈഫ് ഭവന പദ്ധതി- പട്ടികജാതി അഡീഷനൽ | 860000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 55320 | 2022-23 | 48/23 സാന്ത്വന പരിചരണ പദ്ധതി | 55320 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 2022-23 | 74/23 ലൈഫ് ഭവന പദ്ധതി SC സ്പിൽ ഓവർ | 200000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 719593 | 2022-23 | 20/23 ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യം | 719593 | ഇല്ല |
| | ആകെ | 7799913 | | | 7799913 | |
| 1 | നഗരസഭയുടെ ഫണ്ട് | 3322500 | 2022-23 | 82/23 വീടുകളിൽ റിംഗ് കമ്പോസ്റ്റ് | 1107500 | 2215000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി, തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ ഭ്രജല വകുപ്പ്, കണ്ണൂർ | 200/23, സെന്റർ നം. 120, കരിങ്കൽകുഴി അങ്കണവാടി, സെന്റർ നം. 108, കാവുംചാൽ അങ്കണവാടി,സെന്റർ നം. 107 എടക്കൈ അങ്കണവാടി എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം - ഭ്രജല വകുപ്പിന് ഡെപ്പോസിറ്റ് | 22201266/ 26.3.2023 ₹190000 | ₹190000 | 0 | ₹190000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് നം. & തീയതി | മുൻ വർഷത്തിൽ തിരിച്ചടക്കാൻ ഉണ്ടായിരുന്ന തുക | ഒടുക്കിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KURDFC | ₹1963973 | ലഭ്യമാക്കിയിട്ടില്ല | ഇല്ല | ₹2409452 | ₹-2409452 |

2022-23 വർഷത്തിൽ ലൈഫ് മിഷൻ വായ്പ-മുതൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നില്ല. എന്നിട്ടും വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്നും ₹2409452 കുറവ് ചെയ്തു.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിലെ സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹552705 |
| തൻവർഷം ലഭിച്ച പലിശ | 38689 |
| തൻവർഷം നിക്ഷേപിച്ച തുക | ₹10000000 |
| ആകെ | ₹10591394 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ₹1,05,91,394 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | കൊളച്ചേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. സി 364<br>FD No. : 2591/17.4.2010<br>കാലാവധി: 1 വർഷം<br>പലിശ നിരക്ക്: 8.25% | ₹591394 |
| 2 | മുല്ലക്കൊടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ് നം. എഫ് 1230<br>FD No. : 10152/19.9.2022<br>കാലാവധി : 6 മാസം<br>പലിശ നിരക്ക് : 6.25% | ₹10000000 |
| | ആകെ | ₹1,05,91,394 |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രികയിലെ RP-₹21413 ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്ററുകളൊന്നും ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 7.13.6 | 1998-99 | 43 (എ) | കാവുംചാൽ കോടിപ്പൊയിൽ റോഡ് ടാറിംഗ്- അപാകങ്ങൾ | തുക ഒടുക്കി (നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം) |
| 2011-12 | 2-1 | | | ഗ്രാമസഭ പൊതു അവലോകനം | |
| 2003-04 | 13-6 | 1999-2000 | 6 | പദ്ധതി സഹായം പണമായി നൽകി | സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ട്. (നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിഗണന യിലുള്ള വിഷയം) |
| 2013-14 | 5.1.5.11 | പ്രവർത്തനാവലോകനം | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള പദ്ധതികളും (നൃഞ്ഞേരി) പ്രവർത്തനരഹിതം | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |
| ---ടി---- | 5.1.5.11 | പ്രവർത്തനാവലോകനം | | പണി പൂർത്തിയാകാത്തവ (പള്ളിപ്പറമ്പ് ) | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |
| 2014-15 | 4.1.6 | വിഷയാധിഷ്ഠിത അവലോകനം | | അടഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ. | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |
| ---ടി---- | 4.1.12 | വിഷയാധിഷ്ഠിത അവലോകനം | | അറവുശാലകൾ നിഷ്ക്രിയ ആസ്തിയായി മാറുന്നു. | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |
| | | 2015-16 | 2-3(3) | തൊഴിൽനികുതി അപാകങ്ങൾ | തുക ഈടാക്കി. (നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം) |
| 2016-17 | 2 | 2014-15<br>2015-16 | 2-1<br>2-3 | തൊഴിൽനികുതി | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |
| 2011-12 | - | വിഷയാധിഷ്ഠിത അവലോകനം | | ഗ്രാമസഭ-പൊതു അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണന യിലുള്ള വിഷയം |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 49833644 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 45653480 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 3393 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1793056 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-27 | | 1395 | ശ്രീ.ജയൻ.എം.വി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>കൊളച്ചേരി ഗ്രാമപഞ്ചായത്ത്. |
| 1-29 | | 1998 | ശ്രീ. ജ്യോതിഷ് ബാബു,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 3393 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 475000 | 307244 – ശ്രീ.രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി<br>167756 – ശ്രീ.ടി.പി.ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-18 | 20251 | ഡോ: ഹേമ ടി പി,<br>മെഡിക്കൽ ഓഫീസർ, പി എച് സി |
| 1-20 | 50000 | ശ്രീ. ഉണ്ണികൃഷ്ണൻ ടി പി,<br>സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്. |
| 1-21 | 10000 | ശ്രീ.രാഹുൽ രാമചന്ദ്രൻ, സെക്രട്ടറി, |
| 1-22 | 190000 | ശ്രീ. ഉണ്ണികൃഷ്ണൻ ടി പി,<br>സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്. |
| 1-23 | 22476 | ശ്രീ. ഉണ്ണികൃഷ്ണൻ ടി പി,<br>സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്. |
| 1-24 | 259662 | ശ്രീമതി. ഷൈലജ ചെല്ലട്ടൻ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-25 | 4000 | ശ്രീമതി. ഷൈലജ ചെല്ലട്ടൻ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-26 | 42074 | ശ്രീ. ഉണ്ണികൃഷ്ണൻ ടി പി,<br>സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്. |
| 1-28 | 719593 | ശ്രീ. ജ്യോതിഷ് ബാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1793056 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ: ഹേമ ടി പി,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>കൊളച്ചേരി പി എച്ച് സി | സുകൃതി, താണ,<br>കണ്ണോത്തും ചാൽ |
| ശ്രീ.ഉണ്ണികൃഷ്ണൻ ടിപി,<br>സെക്രട്ടറി. | സെക്രട്ടറി, ചെങ്ങളായി<br>ഗ്രാമപഞ്ചായത്ത് | കണ്ണൻ വില്ല,<br>തളാപ്പ്, കണ്ണൂർ ജില്ല. |

| | | |
|---|---|---|
| ശ്രീ.ജയൻ.എം.വി,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>കൊളച്ചേരിഗ്രാമപഞ്ചായത്ത് | മണല്യമാലിൽ ഹൗസ്,<br>എ 1 റോഡ്, തോട്ടട (പി.ഒ),<br>കണ്ണൂർ-670007 |
| ശ്രീ ജ്യോതിഷ് ബാബു,<br>അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കൊളച്ചേരി ഗ്രാമപഞ്ചായത്ത് | കണിതോട്ടത്തിൽ ഹൗസ്, ചെക്കിക്കുളം, കുടാളി (വഴി) |
| ശ്രീമതി. ഷൈലജ ചെല്ലട്ടൻ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ,<br>കൊളച്ചേരി ഗ്രാമപഞ്ചായത്ത് | ചെല്ലട്ടൻ ഹൗസ്, ചക്ക സൂപ്പികടവ്, ബാലൻ കിണർ, പി ഒ കാട്ടാമ്പള്ളി |
| ശ്രീ.രാഹുൽ രാമചന്ദ്രൻ,<br>സെക്രട്ടറി,<br>നാറാത്ത്ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി, നാറാത്ത് ഗ്രാമപഞ്ചായത്ത്. | കണ്ണൻ വില്ല,<br>തളാപ്പ്, കണ്ണൂർ ജില്ല. |

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 3 | |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1324/2022 തീയതി 20.09.2022 | 1 | |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/1285/2022 തീയതി 22.09.2022 | 15 | |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/ സി.6/1286/2022 | 20 | |

| | | | |
|---|---|---|---|
| | തീയതി 22.09.2022 | | |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/<br>സി.6/1634/2022<br>തീയതി 15.02.2023 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01-86/2023 dated 23-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kolachery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kolachery Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Kolachery Grama Panchayat for the Year 2022-2023.

**1.Major Observations**

1. Expenditure related to the Mahatma Gandhi National Employment Guarantee Scheme is not fully included in the annual financial statements.
2. The value of land owned by Grama Panchayat not included in the B-11 Schedule of Balance Sheet.

**2.Other Observations**

1. Mandatory financial statements prescribed in Accounting Rules are not submitted.
2. Notes on Account not prepared.
3. B-2 and B-17 schedules of Distress Relief Fund does not match with each other.
4. Lapses in making timely and accurate demand entriesin respect of tax and non-tax revenues.
5. Directly debited by Bank- further action not taken.

6. The amount deducted from development fund source without HUDCO loan is not included in Schedule B-15.

7. Cashflow statement - Net increase/decrease in cashflow does not match with the differences between opening balance and closing balance of cash and cash quivalents.

8. The asset register is not prepared in such a way that the value of the assets mentioned in Schedule B-11 can be ascertained.

9. Social Security Pension had to be disbursed in the year 2021-22 has been disbursed in the year 2022-23. But it is not included in the Annual Financial Statement of 2022-23.

10. The Expenditure amount under Block Panchayath Share in I-6 Schedule of Annual Financial Statement is not match with Sulekha Expenditure Statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൊളച്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

Kolachery Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25072057.00 |
| Cash | Cash | RP-40(a) | 53901.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1011320.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 1099919.00 |
| 150000000 | Sale & Hire Charges | RP-5 | 353317.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14968800.00 |
| 171000000 | Interest Earned | RP-9 | 573600.00 |
| 190000000 | Prior Period Income | RP-11 | 19924.00 |
| 311000000 | Earmarked Funds | RP-28 | 49658.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20353208.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10341848.00 |
| 460000000 | Loans, Advances and Deposits | RP-49 | 22836.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 309932.00 |
| 180000000 | Other Income | RP-10 | 21413.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 131039.00 |
| 350000000 | Other Liabilities | RP-35 | 567330.00 |
| | Grand total | | 74959602.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 4180.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 89.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5006548.00 |
| 460000000 | Loans, Advances and Deposits | RP-49 | 2477851.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 55949.00 |
| 350000000 | Other Liabilities | RP-35 | 38108863.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 29306122.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 74959602.00 |

2. INCOME & EXPENDITURE STATEMEN T

Kolachery Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6813382.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 72728.00 |
| 140000000 | Fee & User Charges | I-4 | 1449939.00 |
| 150000000 | Sale & Hire Charges | I-5 | 404872.00 |
| 160000000 | Revenue Grants, Funds, Contributions & Compensations/Subsidies | I-6 | 108164242.00 |
| 170000000 | Income from Investments | I-7 | 348621.00 |
| 171000000 | Interest Earned | I-8 | 572260.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 419326.00 |
| | Total Income | | 118245370.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 13043243.00 |
| 220000000 | Administrative Expenses | I-11 | 931935.00 |
| 230000000 | Operations & Maintenance | I-12 | 1019057.00 |
| 240000000 | Interest & Finance Charges | I-13 | 2599.00 |
| 250000000 | Decentralised Plan Programme Productive Sector/Programme Expenses | I-14 | 6390762.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34968383.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 1065022.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 934987.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 42662520.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund/Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 7906.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 8273893.00 |
| 180000000 | Prior Period Income | 1-19 | 44881.00 |
| | Total Expenditure | | 109300307.00 |
| | Gross Surplus/Deficit of income over Expenditure | | 8945063.00 |

3. BALANCE SHEET

Kolachery Grama Panchayat
BALANCE SHEET
As on 31-March-2023

| Code.No | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37266706.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 47256.00 |
| 312000000 | Reserves | B-3 | 43829728.00 |
| | Total Reserve & Surplus | | 162287380.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific | B-4 | 18145761.00 |

| | | | |
|---|---|---|---|
| | Purposes | | |
| | Total Grants, Contributions for Specific Purposes | | 36291522.00 |
| | Loans | | |
| 330000000 | Secured Loans | B-5 | -2409452.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | -4818904.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 576765.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1657170.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | |
| | TOTAL LIABILITIES | | 99113934.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 5079.00 |
| 412000000 | Capital Work in Progress | B-11(b) | 255821.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 409357.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 10338307.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 70773211.00 |
| 416000000 | Accumulated Depreciation | B-11(a) | -33893999.00 |
| | Assets | | |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10591394.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5374575.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 29306122.00 |
| 460000000 | Loans, Advances and Deposits | B-18 | 5954067.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 99113934.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |

| | | | |
|---|---|---|---|
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure<br>(To the Extent not written off) | | 0.0 |
| | TOTAL ASSETS | | 99113934.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.